**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 262** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഡോക്ടർമാർക്ക് ഉപരിപഠന അവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി. ചെയ്യുന്നതിനായി എൽ.ഡബ്ല്യു.എ. അവധിക്ക് അപേക്ഷിച്ചാൽ അനുവദിക്കപ്പെടാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി ചെയ്യുന്നതിനായി ശൂന്യവേതനാവധിയ്ക്ക് അപേക്ഷിച്ചാൽ അനുവദിക്കപ്പെടാത്ത സാഹചര്യം നിലവിലില്ല . |
| (ബി) | അനുമതി ലഭിക്കാതെ അവധിയിൽ പോയ ഡോക്ടർമാർക്ക് തിരികെ സർവ്വീസിൽ ജോയിൻ ചെയ്യാൻ കഴിയുമോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (ബി) | അനുമതി ലഭിക്കാതെ അവധിയിൽ പ്രവേശിച്ചാൽ അനധികൃതാവധിയായി കണക്കാക്കുകയും നടപടി ക്രമങ്ങൾ പാലിച്ച് സർക്കാർ അനുമതിയോടെ മാത്രം തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയുമാണ് ചെയ്യുന്നത് . |
| (സി) | പി.ജി. ചെയ്യുന്നതിന് പഠനാവധി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരള സർവ്വീസ് ചട്ടങ്ങളിലെ നിർദ്ദിഷ്ട വ്യവസ്ഥകൾ പ്രകാരമാണ് ഉപരിപഠനത്തിനായി അവധി അനുവദിക്കുന്നത് . |

സെക്ഷൻ ഓഫീസർ